**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 567 — 09 /07/2012 - ൽ മറുപടിക്ക്

## കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.കെ.കെ.നാരായണൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.ആർ.രാജേഷ് | | **ശ്രീ. അനൂപ് ജേക്കബ്.**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പിനു മെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (എ) | കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) നിത്യോപയോഗ സാധനങ്ങൾക്ക് നാൾക്കുനാൾ വിലക്കയറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നതായി അറിവുണ്ടോ; | (ബി) | നിത്യോപയോഗ സാധനങ്ങളുടെ വില പരിശോധിച്ചതിൽ ഏതാനും ഇനങ്ങൾക്ക് നേരിയ വില വർദ്ധനവ് വന്നിട്ടുള്ളതായും ചില ഇനങ്ങൾക്ക് വില കുറഞ്ഞിട്ടുള്ളതായും കാണുന്നു. നിത്യോപയോഗ സാധനങ്ങൾക്ക് ഉണ്ടാകുന്ന വില വർദ്ധനവ് ഇവയുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും വ്യാപകമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| സി) | കരിഞ്ചന്തയും പൂഴ്ത്തിവയ്പും നിയന്ത്രിക്കുന്നതിനുളള സംവിധാനം എന്താണ്; ഈ സംവിധാനം വഴി ഈ സർക്കാരിന്റെ കാലത്ത് എത്ര പൂഴ്ത്തിവയ്പുകളും കരിഞ്ചന്ത വില്പനയും കണ്ടു പിടിക്കുകയുണ്ടായി ; എത്ര പേരെ ശിക്ഷിക്കുകയുണ്ടായി? | (സി) | കരിഞ്ചന്തയും പൂഴ്ത്തിവയ്പും നിയന്ത്രിക്കുന്നതിന് അവശ്യസാധന നിയമ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. പൊതു വിപണിയിൽ അവശ്യസാധന നിയമമനുസരിച്ച് 22154 റെയിഡുകൾ നടത്തുകയും രണ്ട് പേരെ അറസ്റ്റ് ചെയ്യുകയും ഒരാളെ പ്രോസിക്യൂട്ട് ചെയ്യുകയും താഴെ വിവരിച്ചിട്ടുളള സാധനങ്ങൾ കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്. |

| ഇനം | അളവ് |
|---|---|
| അരി | 32604 കി.ഗ്രാം |
| ഗോതമ്പ് | 4129 കി.ഗ്രാം |
| പഞ്ചസാര | 2408 കി.ഗ്രാം |
| സവാള | 500 കി.ഗ്രാം |
| ഉരുളക്കിഴങ്ങ് | 300 കി.ഗ്രാം |
| പയറുവർഗ്ഗങ്ങൾ | 600 കി.ഗ്രാം |
| ഭക്ഷ്യഎണ്ണ | 200 കി.ഗ്രാം |
| മണ്ണെണ്ണ | 21285 ലിറ്റർ |

സെക്ഷൻ ഓഫീസർ